| | | |
|---|---|---|
| | എളയാവൂർ | 2018-19 |
| | ചേലോറ | 2019-20 |
| പയ്യന്നൂർ | പയ്യന്നൂർ മുനിസിപ്പാലിറ്റി | 2016-17 |
| | കാങ്കോൽ - ആലപ്പടമ്പ | 2018-19 |
| മട്ടന്നൂർ | കൂടാളി | 2016-17 |
| ധർമ്മടം | പിണറായി | 2017-18 |
| | വേങ്ങാട് | 2018-19 |
| തളിപ്പറമ്പ് | കുറ്റിയാട്ടൂർ | 2017-18 |
| | മയ്യിൽ | 2018-19 |
| കല്യാശ്ശേരി | ചെറുകുന്ന് | 2017-18 |
| കൂത്തുപറമ്പ് | കൂത്തുപറമ്പ | 2017-18 |
| | തൃപ്പങ്ങോട്ടൂർ | 2018-19 |
| | പാനൂർ മുനിസിപ്പാലിറ്റി | 2019-20 |
| പേരാവൂർ | പായം | 2018-19 |
| തലശ്ശേരി | എരഞ്ഞോളി-കതിരൂർ | 2018-19 |
| | കതിരൂർ | 2019-20 |

(ഡി) 2020-21 സാമ്പത്തിക വർഷം പുതിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ണൂർ ജില്ലയിലെ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

2020-21 സാമ്പത്തിക വർഷം കണ്ണൂർ ജില്ലയിൽ പുതിയ കേരഗ്രാമങ്ങൾ തെരഞ്ഞെടുത്തിട്ടില്ല.

**യുവാക്കളെ കൃഷിയിലേയ്ക്ക് ആകർഷിക്കാൻ പദ്ധതി**

31 (1016) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവാക്കളെ കൃഷിയിലേയ്ക്ക് ആകർഷിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

കാർഷിക മേഖലയിലേയ്ക്ക് പുതുതലമുറയെ ആകർഷിക്കുന്നതിന് നൂതന

LIBRARY ARCHIVES Kerala Legislative Assembly

കൃഷിരീതികളുടെ അറിവ്, പരിശീലനം, പ്രയോഗം, ഫലപ്രദമായ മാർക്കറ്റിംഗ് സംവിധാനം എന്നിവ ആവശ്യം വേണ്ട ഘടകങ്ങളാണ്. ഇതിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ താഴെ ചേർക്കുന്നു.

ഹൈ-ടെക് അഗ്രിക്കൾച്ചർ പോളിഹൗസ് കൃഷി നടപ്പാക്കൽ, കൃത്യതാ കൃഷി, സൂക്ഷ്മ ജലസേചനം എന്നിവയാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്. വിളയുടെ വളർച്ചയ്ക്കാവശ്യമായ എല്ലാ കാലാവസ്ഥാ ഘടകങ്ങളും കൃത്രിമമായി സജ്ജമാക്കിയും ഉൽപ്പാദനോപാധികളുടെ കൃത്യമായ ഉപയോഗത്തിലൂടെയും കുറച്ച് സ്ഥലത്തുനിന്നും പരമാവധി ഉൽപ്പാദനവും തദ്വാരാ കൂടുതൽ വരുമാനവും ലഭ്യമാക്കുന്ന ഈ പദ്ധതി യുവതലമുറയ്ക്ക് ഏറെ ആകർഷകമാണ്.

പച്ചക്കറി കൃഷി വികസന പദ്ധതി - ഇതിന്റെ ഭാഗമായി മഴമറകൾ, ഫെർട്ടിഗേഷൻ സൂക്ഷ്മ ജലസേചനം തുടങ്ങിയ ആധുനിക കൃഷിരീതികൾ അനുവർത്തിക്കുന്നതിന് ധനസഹായം നൽകുന്നു. വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ ശ്രമഫലമായി പച്ചക്കറിത്തോട്ടം സ്ഥാപിക്കുന്നതിലൂടെ പുതുതലമുറയെ ഈ മേഖല പരിചയപ്പെടുത്തുന്നതിനും ഇതിലേയ്ക്ക് ആകർഷിക്കുന്നതിനും കഴിയുന്നു. കൂടാതെ സ്ഥലപരിമിതിയുള്ള വീട്ടുവളപ്പുകളിലും ഫ്ലാറ്റുകളിലും സുരക്ഷിതമായ പച്ചക്കറി ഉൽപ്പാദനത്തിനായി മിനി പോളിഹൗസുകൾ കേരള കാർഷിക സർവ്വകലാശാലയുടെ സാങ്കേതിക സഹായത്തോടെ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നതാണ്. 10 $m^2$, 20 $m^2$ എന്നീ അളവുകളിൽ മിനി പോളിഹൗസുകളിൽ അടുക്കളത്തോട്ടം സ്ഥാപിക്കുന്നതിന് ചെലവിന്റെ 75% സബ്സിഡിയായി പരമാവധി യഥാക്രമം 45,000 രൂപയും 60,000 രൂപയും നൽകുന്നതാണ്.

അഗ്രോ സർവ്വീസ് സെന്ററും കാർഷിക കർമ്മസേനയും - കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ച് പ്രവർത്തിക്കുന്ന 64 അഗ്രോ സർവ്വീസ് സെന്ററുകളിലും 200 കാർഷിക കർമ്മസേനകളിലും വിദഗ്ദ്ധ പരിശീലനം ലഭിച്ച യുവകർഷക തൊഴിലാളികൾ യന്ത്രസാമഗ്രികളുടെ സഹായത്തോടെ ന്യായമായ നിരക്കിൽ കാർഷികവൃത്തികൾ ചെയ്തുകൊടുക്കുന്നു. ഇത്തരം സംഘങ്ങളിൽ അംഗമാകാനും ഇവരുടെ സേവനം ഉപയോഗിച്ച് കാർഷികവൃത്തി പരിപോഷിപ്പിക്കുന്നതിനും യുവതലമുറ താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്. ജൈവ നിയന്ത്രണോപാധികളുടെ ഉൽപ്പാദനം സുരക്ഷിത കൃഷിയും നല്ല കാർഷികമുറകളും അവലംബിക്കുന്നതിന്റെ ഭാഗമായി ജൈവ നിയന്ത്രണോ പാധികളായ ട്രൈക്കോഡർമ, മൈക്കോറൈസ എന്നിവയുടെ പ്രാദേശിക ലഭ്യത ഉറപ്പാക്കുന്നതിന് കർഷകരുടെ പുരയിടങ്ങളിൽത്തന്നെ വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ ഇവയുടെ ഉൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് യൂണിറ്റ് ഒന്നിന് 20,000 രൂപ ക്രമത്തിൽ ധനസഹായം നൽകിവരുന്നു. ഇത്തരം

LIBRARY ARCHIVES Kerala Legislative Assembly

യൂണിറ്റുകൾ താല്പര്യമുള്ള യുവജനങ്ങൾക്ക് ഏറ്റെടുത്ത് ലാഭകരമായി നടത്താവുന്നതാണ്. ഇതിനാവശ്യമായ പരിശീലനം കൃഷി വകുപ്പ് മുഖാന്തരം നൽകുന്നതാണ്.

കാർഷിക മൂല്യവർദ്ധന യൂണിറ്റുകൾ - കാർഷിക ഉല്പന്നങ്ങളുടെ ചെറുകിട മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് എസ്.എഫ്.എ.സി. മുഖാന്തരം കർഷക കൂട്ടായ്മകൾക്ക് ധനസഹായം നൽകിവരുന്നു. വിളവെടുപ്പിനുശേഷമുള്ള സംസ്കരണവും മൂല്യവർദ്ധനവും സംസ്കരണത്തിലൂടെയും മൂല്യവർദ്ധനവിലൂടെയും കാർഷിക ഉല്പന്നങ്ങൾക്ക് വിപണിയിൽ അധിക വില നേടിയെടുക്കാൻ സാധിക്കും. ഇതിന് കർഷക സമൂഹത്തിൽ സംരംഭകത്വം വളർത്തിയെടുക്കുന്നതിനായി ഇൻക്യുബേഷൻ സെന്ററുകൾ മുഖാന്തിരം പരിശീലനം നൽകിവരുന്നു. കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം ശ്രീകാര്യം, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര സുഗന്ധവിള ഗവേഷണ കേന്ദ്രം കോഴിക്കോട്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർഡിസിപ്ലിനറി സയൻസ് & ടെക്നോളജി തിരുവനന്തപുരം, കൃഷി വിജ്ഞാനകേന്ദ്രങ്ങൾ എന്നീ സ്ഥാപനങ്ങളിൽ ഇതിനുള്ള സജ്ജീകരണങ്ങൾ ലഭ്യമാണ്. കൂടാതെ കാർഷികോൽപ്പന്നങ്ങളുടെ ചെറുകിട ഇടത്തരം മൂല്യവർദ്ധിത യൂണിറ്റുകൾ ആരംഭിക്കാൻ താല്പര്യമുള്ള സംരംഭകർക്കും കർഷക കൂട്ടായ്മകൾക്കും ചെറുകിട കർഷക കാർഷിക വ്യവസായ കൺസോർഷ്യം (SFAC) മുഖാന്തരം സാങ്കേതിക, സാമ്പത്തിക പിന്തുണ നൽകിവരുന്നു. പച്ചക്കറി ഇനങ്ങളുടെ മൂല്യവർദ്ധന യൂണിറ്റുകൾ ആരംഭിക്കുന്നതിന് പച്ചക്കറി വികസന പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നു. കൃഷി വകുപ്പിന്റെ കീഴിലുള്ള അഞ്ച് പ്രാദേശിക കാർഷിക പരിശീലന കേന്ദ്രങ്ങൾ വഴിയും (കഴക്കൂട്ടം, കോഴ, വൈറ്റില, പാലക്കാട്, കണ്ണൂർ) രണ്ട് കർഷക പരിശീലന കേന്ദ്രങ്ങൾ വഴിയും (പന്തളം, വേങ്ങേരി) കർഷകർക്കും യുവജനങ്ങൾക്കും നൂതന കൃഷിരീതികളിൽ പരിശീലനം നൽകിവരുന്നു. കൂടാതെ നൂതന കാർഷിക വിജ്ഞാന വ്യാപന പദ്ധതിയായ 'ആത്മ' വഴി പ്രദർശന പ്ലോട്ടുകൾ സ്ഥാപിച്ചും സംസ്ഥാനത്തിനകത്തും പുറത്തും ഗവേഷണ സ്ഥാപനങ്ങളിലും കൃഷിയിടങ്ങളിലും പഠനയാത്രയ്ക്ക് കൊണ്ടുപോയും നൂതന കൃഷിരീതികളെക്കുറിച്ചുള്ള നേർക്കാഴ്ചയ്ക്ക് യുവജനങ്ങൾ ഉൾപ്പെടെയുള്ള കർഷകർക്ക് അവസരം നൽകുന്നുണ്ട്. ഹൈടെക് കൃഷിരീതി, മിനി പോളിഹൗസുകൾ, ഊർജ്ജരഹിത കൂൾചേമ്പറുകൾ, കൃത്യതാ കൃഷി, സൂക്ഷ്മ ജലസേചനവും വളപ്രയോഗവും സംയോജിത കൃഷിരീതി തുടങ്ങിയ നൂതന കൃഷിരീതികളിലുള്ള പരിശീലനവും അവ നടപ്പിലാക്കുന്നതിനുള്ള ധനസഹായവും ഹൈടെക് പദ്ധതി, പച്ചക്കറി വികസനം തുടങ്ങിയ പദ്ധതികൾ വഴി നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൃഷിയുടെ ആധുനികവത്കരണത്തിനായി എന്തൊക്കെ പുതിയ പദ്ധതികളാണ് മുൻ സർക്കാർ നടപ്പിലാക്കിയിരുന്നത്; ഈ സർക്കാർ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കൃഷിയുടെ ആധുനികവത്കരണത്തിനായി മുൻസർക്കാർ നടപ്പിലാക്കിയ പദ്ധതികളാണ് അഗ്രോ പാർക്ക്, ഇന്റേൺഷിപ്പ് പദ്ധതി, കൃഷി പാഠശാല എന്നിവ.

അഗ്രോപാർക്ക് - കേരളത്തിന്റെ കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവും വിപണനവും ശക്തമാക്കുന്നതിന് അഗ്രോപാർക്കുകളുടെ ഒരു ശൃംഖല സ്ഥാപിക്കുന്നതാണ്. സംരംഭകത്വമുള്ള യുവജനങ്ങൾക്ക് അഗ്രോ പാർക്കുകളിൽ മൂല്യവർദ്ധന യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

ഇന്റേൺഷിപ് പരിപാടി - വിദ്യാസമ്പന്നരായ പുതിയ തലമുറയിലെ അംഗങ്ങളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും അവർക്ക് കൃഷി വകുപ്പിൽത്തന്നെ അവസരങ്ങൾ ഒരുക്കുന്നതിനുമായി ഇന്റേൺഷിപ്പ് പരിപാടി ഈ സാമ്പത്തിക വർഷം നടപ്പിലാക്കാൻ തയ്യാറെടുക്കുന്നു. കൃഷി വകുപ്പിന്റെ താഴെത്തട്ടിൽ പ്രവർത്തിക്കുന്ന കൃഷിക്കാരോട് നേരിട്ടിടപെടുന്ന കൃഷി ഭവനുകളിൽ കൃഷിയെ പറ്റിയും വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന പദ്ധതികൾ നടപ്പാക്കുന്നതിൽ നേരിട്ടിടപെടാനും പഠിക്കാനും പരിശീലനം ലഭിക്കാനുമാണ് യുവജനങ്ങൾക്കുവേണ്ടി ഈ പദ്ധതി ഉദ്ദേശിച്ചിരിക്കുന്നത്.

കൃഷി പാഠശാല - 2020-21 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കൃഷി പാഠശാല. പരിശീലനങ്ങളിലൂടെ കർഷകർക്ക് കൃഷിയിലെ നൂതന സാങ്കേതികവിദ്യകൾ കൈമാറുന്നതിനും മികച്ച കൃഷിക്കാരുടെ കൃഷിയിടങ്ങളിൽ വെച്ചുതന്നെ നല്ല കൃഷിരീതികൾ പരിചയപ്പെടുത്തുന്നതിനുമാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഓൺലൈൻ മുഖേന നടത്തുന്ന പരിശീലന പരിപാടികൾ എല്ലാ കർഷകരിലും പ്രത്യേകിച്ച് യുവാക്കളിൽ കൃഷിയെ കുറിച്ചും നൂതന കൃഷി രീതികളെക്കുറിച്ചുമുള്ള അവബോധം സൃഷ്ടിക്കാൻ സഹായകരമാണ്. വെബിനാറുകളായി നടത്തുന്ന പരിശീലനങ്ങൾ കൂടുതൽ കൃഷിക്കാർക്ക് ഉപകാരപ്രദമായി തീരുന്നു. ടി പരിപാടികളുടെ നടത്തിപ്പിനായി ബ്ലോക്ക് തല കാർഷിക വിജ്ഞാന കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന കൃഷി ശാസ്ത്രജ്ഞർ സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

പുതിയ പദ്ധതികൾ - സ്മാർട്ട് കൃഷിഭവനുകൾ 2021-22-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കേരളത്തിൽ സ്മാർട്ട് കൃഷിഭവനുകൾ സ്ഥാപിക്കുമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശിച്ചിട്ടുണ്ട്. കൃഷി ഭവനകൾക്ക് ആധുനികമുഖം നൽകിക്കൊണ്ട് ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി കർഷകർക്ക് വിവിധ സേവനങ്ങൾ ഉടനടി സുതാര്യമായും കാര്യക്ഷമതയോടും കൂടെ നേരിട്ട് കർഷകരി ലേയ്ക്കെത്തിക്കുകയും കർഷകർക്കാവശ്യമായ വിവിധ വിവരങ്ങൾ അവരുടെ വിരൽത്തുമ്പിൽ എത്തിക്കുകയും ചെയ്യുന്ന പദ്ധതിയാണ് സ്മാർട്ട് കൃഷി ഭവനകൾ. ഫ്രണ്ട് ഓഫീസ് അടക്കമുള്ള ഇത്തരം സംവിധാനങ്ങളും കൃഷിയിലെ ആധുനിക സാങ്കേതികവിദ്യകളെക്കുറിച്ചുള്ള വിവരവും ഓൺലൈൻ വിപണന സംവിധാനങ്ങളും കൂടുതൽ യുവാക്കളെ കൃഷിഭവനകളിലേക്കെത്തിക്കാനും കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കാനും സഹായകരമാവും.

ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനം, അഗ്രി-ഓൺലൈൻ പ്ലാറ്റ്ഫോം ഫോർ ഇ-ട്രേഡിങ്ങ് ആൻഡ് ബ്ലോക്ക് ചെയിൻ ഡാറ്റ മാനേജ്മന്റ് സംവിധാനം - ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ വിളകളുടെ സംഭരണത്തിനും വിപണനത്തിനുമുള്ള സംവിധാനമാണ്. കർഷകരുടെ പക്കൽനിന്നും നേരിട്ട് സംഭരിക്കുന്ന ഉത്പന്നങ്ങൾ സംഭരിച്ച്, മിനിമൽ പ്രോസസ്സിംഗ് നടത്തി നേരിട്ട് ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതിന് സഹായിക്കുന്ന ഓൺലൈൻ പ്ലാറ്റ്ഫോം സംഭരണ വിതരണ സംവിധാനമാണ് ഇത്. 2021-22-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ നിർദ്ദേശിച്ചിട്ടുള്ള പദ്ധതിയാണിത്.

### സീഡ്സ് കോർപ്പറേഷൻ വഴി നൽകിയ നെൽവിത്ത്

32 (1017) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ കഴിഞ്ഞ സീസണിൽ നാഷണൽ സീഡ്സ് കോർപ്പറേഷൻ വഴി നൽകിയ നെൽവിത്ത് ഒരേ ചാക്കിൽത്തന്നെ വ്യത്യസ്ത കാലയളവ് മൂപ്പുള്ള വിത്തായിരുന്നുവെന്നും തന്മൂലം കർഷകർക്ക് കൊയ്ത്തിന് വളരെയേറെ പ്രയാസങ്ങൾ നേരിട്ടുവെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നാഷണൽ സീഡ് കോർപ്പറേഷനിൽനിന്നും വാങ്ങിയ നെൽവിത്തിലാണ് പ്രശ്നങ്ങൾ ഉണ്ടായിട്ടുള്ളത്. പരാതി ലഭിച്ചതിനെ തുടർന്ന് മണലൂർ മണ്ഡലത്തിലെ അരിമ്പൂർ, തോളൂർ പഞ്ചായത്തിലെ പാടശേഖരങ്ങളിൽ കൃഷി വകുപ്പ്, കേരള കാർഷിക സർവ്വകലാശാല എന്നിവയിലെ അംഗങ്ങൾ അടങ്ങുന്ന സംയുക്ത സംഘം സ്ഥലപരിശോധന നടത്തുകയും സ്ഥിതി വിലയിരുത്തുകയും ചെയ്തു. ഇതു സംബന്ധിച്ച കാർഷിക